

# ദത്തെടുക്കൽ

# ദത്തെടുക്കൽ

അപ്പോസ്തോലനായ പൗലോസിന്റെ എഴുത്തുകളുടെ ഉള്ളടക്കം പരിശോധിച്ചാൽ, യഹോവയെ അവന്റെ ജനത്തോടൊപ്പം ചേർത്ത് കാണിച്ച് വിശദീകരിക്കുന്നതിൽ ഒരു ശക്തമായ രീതി ഉപയോഗിക്കുന്നത് നമുക്ക് കാണാം.

മുൻനിർണ്ണയം, തിരഞ്ഞെടുപ്പ്, നീതീകരണം, എന്നിങ്ങനെ നാം ഇന്ന് പഠിക്കുന്ന വിവിധ ദൈവശാസ്ത്ര വിഷയങ്ങളെക്കുറിച്ചും അദ്ദേഹം വ്യക്തമായി വിവരിക്കുന്നു.

എന്നാൽ അധികം ശ്രദ്ധിക്കപ്പെടാത്ത മറ്റൊരു വിഷയം 'ദത്തെടുക്കുക' എന്ന ആശയമാണ്.

### എന്താണ് ദത്തെടുക്കൽ?

പാപം മൂലം  ബന്ധം നഷ്ടപ്പെട്ട മനുഷ്യരാശിയെ ദൈവത്തിന്റെ ആത്മീയ കുടുംബവുമായി നിരപ്പിച്ച, അഥവാ അനുരഞ്ജിപ്പിച്ച യഹോവയായ ദൈവത്തിന്റെ രക്ഷാപ്രവർത്തിയാണ് 'ദത്തെടുക്കൽ'.

ദൈവത്തിന്റെ ഈ രക്ഷാപ്രവർത്തിയെ മനസിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതിലൂടെ, മാനവജാതിക്ക് ദൈവരാജ്യത്തിന്റെയും മഹത്വത്തിന്റെയും അവകാശികളാകുവാൻ കഴിയും.''(1) ക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെയും നമ്മുടെ ജീവിതത്തിന്റെ കർത്താവാകാൻ അവിടുത്തെ അനുവദിക്കുന്നതിലൂടെയും ഇന്നും ഇത് സാധ്യമാകുന്നു.

പഴയ നിയമത്തിലൂടെ, നോക്കിയാൽ യിസ്രായേൽ ദൈവത്തിന്റെ ദത്തുപുത്രനായിരുന്നു എന്നു കാണാം. അവർക്ക് ചുറ്റും മറ്റ് ജാതീയ പ്രദേശങ്ങളും ഉണ്ടായിരുന്നു. എന്നാലവർക്കിടയിൽ പ്രിയങ്കരമായ ഒരു രാഷ്ട്രമായിരുന്നു യിസ്രായേൽ.

പുറപ്പാട് 4:22-23-ൽ നാം വായിക്കുന്നു, 'നീ ഫറവോയോടു പറയണം. കർത്താവു പറയുന്നു, യിസ്രായേൽ എന്റെ പുത്രനാണ്, എന്റെ ആദ്യജാതൻ. ഞാൻ നിന്നോട് ആജ്ഞാപിക്കുന്നു, എന്നെ ആരാധിക്കാൻ വേണ്ടി എന്റെ പുത്രനെ വിട്ടയയ്ക്കുക. നീ അവനെ വിട്ടയയ്ക്കുന്നില്ലെങ്കിൽ നിന്റെ പുത്രനെ, നിന്റെ ആദ്യജാതനെത്തന്നെ ഞാൻ വധിക്കും.'

ഇവിടെ കർത്താവ് യിസ്രായേലിനെ തന്റെ ആദ്യജാതൻ എന്നാണ് വിളിക്കുന്നത്. പഴയനിയമത്തിന്റെ മുഴുവൻ വിവരണത്തിന്റെയും അടിസ്ഥാനം ഇതാണ്. യഹോവ അവരോട് എങ്ങനെ ഇടപെടുന്നുവെന്ന് ഇവിടെ നിന്ന് നമുക്ക് കാണാം ആരാധിക്കാനായി ഒരു ആലയവും കൂടാതെ നിയമങ്ങളും അവർക്ക് നൽകി. അവർ അഹങ്കാരികളും ധിക്കാരികളുമായിരുന്നപ്പോഴും തന്റെ ജനത്തോടുള്ള യഹോവയുടെ സ്നേഹം. പ്രവചനപുസ്തകത്തിലൂടെ ഇങ്ങനെ നാം വായിക്കുന്നു.

'യിസ്രായേൽ ശിശുവായിരുന്നപ്പോൾ ഞാനവനെ സ്നേഹിച്ചു; ഈജിപ്തിൽനിന്ന് ഞാൻ എന്റെ മകനെ വിളിച്ചു.' (ഹോശേ 11:1) (2)

ഈ മുഴുവൻ പ്രവൃത്തിയിലും യിസ്രായേൽ ഒരു പങ്കും വഹിച്ചിട്ടില്ല എന്നതാണ് ഓർമ്മിക്കേണ്ട മറ്റൊരു പ്രധാനപ്പെട്ട കാര്യം. പകരം അത് സംഭവിച്ചത് ദൈവത്തിന്റെ മുൻകൈയുടെയും ഇഷ്ടത്തിന്റെയും ഫലം മാത്രമാണ്. അവരുടെ ആരാധനയും അവരുടെ മുഴുവൻ ആശ്രയവും തന്നോട് ആകുവാൻ ദൈവം കൊതിച്ചു. യിസ്രായേല്യർ മുഖേന, മറ്റ് പുത്രന്മാരെയും അതേ പുത്രത്വത്തിന്റെ അനുഗ്രഹത്തിലേക്ക് പ്രവേശിപ്പിപ്പാൻ ദൈവം ഉദ്ദേശിച്ചു. ഇതായിരുന്നു യിസ്രായേലിന്റെ ദൗത്യം. എന്നിരുന്നാലും, ദൈവഹിതമനുസരിച്ച് ജീവിക്കാനുള്ള അവരുടെ കഴിവില്ലായ്മ, മറുവശത്ത്, അവന്റെ വിധിയിൽ കലാശിച്ചു. അവർ ഒരിക്കലും യഹോവയെയോ അവന്റെ കരുതലിനെയോ അനുഭവിക്കില്ലെന്ന് അതിനർത്ഥമില്ല. കർത്താവിന്റെ ആഹ്വാനത്തോടുള്ള അനുതാപത്തോടും അനുസരണത്തോടും കൂടി പ്രതീക്ഷയോടെ വീണ്ടും പ്രതികരിക്കുകയായിരുന്നു. (3)

അപ്പോസ്തോലനായ പൗലോസ് തന്റെ മിഷനറി യാത്ര കളിൽ സ്ഥാപിച്ച വിവിധ സഭകൾക്ക് എഴുതിയ കത്തുകളിൽ പുത്രന്മാരെ ദത്തെടുക്കുന്നതിനെക്കുറിച്ച് വിശദീകരിക്കുന്നത് നമുക്ക് വ്യക്തമായി കാണാൻ കഴിയും. ഇവിടെ, വിഷയം നമ്മൾ എങ്ങനെ മനസ്സിലാക്കുന്നു എന്നതിൽ ഒരു ചെറിയ മാറ്റം കാണുന്നു. ദൈവത്തിന്റെ പിതൃത്വത്തിലേക്കുള്ള ദത്തെടുക്കൽ ഇപ്പോൾ ഭൗതിക യിസ്രായേൽ മാത്രമല്ല, യേശുക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെട്ട എല്ലാവർക്കും വ്യാപിച്ചിരി ക്കുന്നു. പഴയനിയമത്തിൽ യിസ്രായേല്യരുമായുള്ള തന്റെ ഇടപെ ടലിനെ സൂചിപ്പിച്ചുകൊണ്ട് പിതാവ് നമ്മെ തന്റെ പുത്രന്മാരായി തിരഞ്ഞെടുത്തു എന്ന് വീണ്ടും, എഫെസ്യർക്ക് എഴുതിയ ലേഖന ത്തിൽ നമുക്ക് കാണുവാൻ കഴിയും. 'തന്റെ മുമ്പാകെ സ്നേഹ ത്തിൽ വിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനു മുമ്പുതന്നെ അവിടുന്നു നമ്മെ ക്രിസ്തുവിൽ തെരഞ്ഞെടുത്തു' (എഫേ.1:4).

തന്നിൽ വിശ്വസിക്കുന്ന എല്ലാവർക്കും ദൈവപുത്രന്മാരാകാൻ അവൻ അധികാരം നൽകിയിരിക്കുന്നു. യേശുക്രിസ്തുവിലൂടെ നാം ആ ഏകീകൃതമായ ശരീരത്തിന്റെ അംഗങ്ങളായിത്തീർന്നു. (4)

ചുരുക്കിപ്പറഞ്ഞാൽ നാം ദത്തെടുക്കപ്പെട്ടതിനുള്ള മാർഗം യേശു ക്രിസ്തുവാണെന്ന് നമുക്ക് ഇങ്ങനെ മനസ്സിലാക്കാം. അതായത് അബ്രഹാമിന്റെ സന്തതിയിലുള്ള വിശ്വാസത്താൽ നാം ദൈവത്തിന്റെ പുത്രന്മാരായിത്തീർന്നു.

ഈ വിഷയത്തിന്റെ ദൈവശാസ്ത്രപരമായ വശങ്ങളെക്കുറിച്ചു നാം ചർച്ച ചെയ്തുവെങ്കിലും, നമ്മുടെ ഇന്നത്തെ ജീവിത ത്തിൽ അതിന്റെ പ്രായോഗികവശങ്ങൾ എപ്രകാരം ഉൾപ്പെടു ന്നുവെന്നതുകൂടി നാം ഓർക്കണം. നാം ആരുടെതാണ് എന്ന് മനസ്സിലാക്കുകയാണ് ആദ്യപടി. രണ്ടാമതായി, നമ്മൾ ഒരിക്കലും മറന്നുപോകരുത്, നമ്മൾ ദൈവപുത്രന്മാരാകുന്നത് ദൈവത്തിന്റെ അളവുകൂടാത്ത കരുണയാലും കൃപയാലുമാണ്, പൂർണമായ താഴ്മയോടും ദൈവമുമ്പാകെ വിശുദ്ധിയോടും

കൂടി നാം ജീവിക്കുന്നത് അവൻ നമ്മെ നാട്ടൊലിവിനോട ഒട്ടിച്ചുചേർത്തു എന്ന അറിവു മുഖാന്തരമാണ് (റോമ 11:11-31) കൂടാതെ അതേ രക്ഷയാൽ രക്ഷിക്കപ്പെട്ട സഹോദരീസഹോദരന്മാരെ തിരിച്ചറിയുകയും അവരുമായി ഐക്യത്തിലും സമാധാനത്തിലും ജീവിക്കാൻ ശ്രമിക്കുകയും വേണം. മനുഷ്യർ എന്ന നിലയിൽ ഇതൊരുപക്ഷേ അല്പം കഠിനമാണെന്നു തോന്നാം, എന്നാൽ സമതുല്യമായ ഒരു ക്രിസ്തീയജീവിതം നിയന്ത്രിക്കുന്നത് ദൈവവചനം ആഴത്തിൽ മനസിലാക്കുന്നതിലൂടെയാണ്, യഥാർത്ഥമായ പഠിപ്പിക്കലുകളിലൂടെ ക്രിസ്തുവിന്റെ ബോധത്തിൽ എപ്പോഴും നടക്കുവാൻ അത് നമ്മെ പ്രാപ്തരാക്കുന്നു. (5)

---

Glossary:


[1] Stanley Grenz, David Guretzki, and Cherith Nordling, "Adoption," Pocket Dictionary of Theological Terms, n.d.

[2] Trevor J. Burke, "The Origin and Background of Paul's Adoption Metaphor," essay, in Adopted into God's Family: Exploring a Pauline Metaphor Nottingham: Apollos, 2006, 49.

[3] Ibid, Page 53

[4] Ibid, Page 197

[5] Gregg R. Allison, "Doctrine of Salvation: Adoption," essay, in 50 Core Truths of the Christian Faith: A Guide to Understanding andTeaching Theology Grand Rapids, MI: Baker Books, 2018, 254.

**“Hey, I would like to know more.”**

**Join us at:**

## Word of God Church, Dubai

☎ +971 56 392 1933, +91 90375 88577

+91 90375 88577

✉ wordofgodsons@gmail.com

www.addtofaithblog.com

**Find us on:**

WordofGod Church

thewordofgod_church

WordofGod Church

*Printed and published by Word of God Church, Dubai*
*(for private circulation only)*